2025
NOVEMBER
11
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# തദ്ദേശ തെരഞ്ഞെടുപ്പ് രണ്ടു ഘട്ടമായി; ഡിസംബർ ഒമ്പതിനും 11നും വോട്ടെടുപ്പ്, 13ന് വോട്ടെണ്ണൽ

**തിരുവനന്തപുരം:** സംസ്ഥാനത്തെ തദ്ദേശ തെരഞ്ഞെടുപ്പിനുള്ള തീയതി പ്രഖ്യാപിച്ചു. ഇത്തവണ രണ്ടു ഘട്ടമായാണ് വോട്ടെടുപ്പ് നടത്തുന്നത്.



തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഡിസംബർ ഒമ്പതിനും മറ്റു ജില്ലകളിൽ ഡിസംബർ 11നുമാണ് പോളിംഗ് നടക്കുന്നത്. ഡിസംബർ 13നാണ് വോട്ടെണ്ണൽ. ഡിസംബർ 18ന് പ്രക്രിയ പൂർത്തിയാക്കി 20ന് പുതിയ ഭരണസമിതി നിലവിൽ വരും.

തെരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി നവംബർ 21നാണ്. പത്രികകളുടെ സൂക്ഷ്മപരിശോധന 22ന് നടക്കും പത്രിക പിൻവലിക്കാനുള്ള അവസാന തീയതി നവംബർ 24 ആണ്.

തെരഞ്ഞെടുപ്പിനായുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നു.

1,199 തദ്ദേശ സ്ഥാപനങ്ങളിലെ 23,576 വാർഡുകളിലേക്കാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. അതേസമയം, മട്ടന്നൂരിൽ തെരഞ്ഞെടുപ്പ് പിന്നീട് നടക്കും. 12,035 സംവരണ വാർഡുകളുണ്ട്. 33,746 പോളിംഗ് സ്റ്റേഷനുകളാണ് സജ്ജമാക്കിയിരിക്കുന്നത്. ആകെ 2,84,30,761 വോട്ടർമാരാണുള്ളത്. 2,841 പേർ പ്രവാസി വോട്ടർമാരാണ്.

1,37,922 ബാലറ്റ് യൂണിറ്റുകളാണ് തെരഞ്ഞെടുപ്പിനായി സജ്ജമാക്കിയിട്ടുള്ളത്. 50,691 കൺട്രോൾ യൂണിറ്റുകളുമുണ്ടാകും. 1,249 റിട്ടേണിംഗ് ഓഫീസർമാരായിക്കും വോട്ടെടുപ്പിനായി ഉണ്ടാകുക. ആകെ 1.80 ലക്ഷം ഉദ്യോഗസ്ഥരെയായിരിക്കും വോട്ടെടുപ്പിനായി നിയോഗിക്കുക.

സുരക്ഷയ്ക്കായി 70,000 പോലീസുകാരെയും നിയോഗിക്കും. ആകെ 2.50 ലക്ഷം ഉദ്യോഗസ്ഥരായിരിക്കും തെരഞ്ഞെടുപ്പ് നടത്തുന്നതിനായി ഉണ്ടാകുക. തെരഞ്ഞെടുപ്പ് ഇപ്പോൾ നടക്കുന്നില്ലെങ്കിലും മട്ടന്നൂരിലും പെരുമാറ്റച്ചട്ടം ബാധകമായിരിക്കും.

സംസ്ഥാനത്ത് നിലവിൽ ത്രിതല പഞ്ചായത്ത് ഭരണസമിതികളിലെ ഭരണം ആകെയുള്ള ആറ് കോർപ്പറേഷനുകളിൽ അഞ്ചിടത്തും ഇടതുമുന്നണിക്കാണ്.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശൂർ, കൊല്ലം കോർപ്പറേഷനുകൾ ഭരിക്കുന്നത് എൽഡിഎഫാണ്. കണ്ണൂരിൽ മാത്രമാണ് യുഡിഎഫ് ഭരണമുള്ളത്. സംസ്ഥാനത്തെ ആകെയുള്ള 87 നഗരസഭകളിൽ 44 എണ്ണം ഭരിക്കുന്നത് എൽഡിഎഫാണ്.

യുഡിഎഫ് ഭരിക്കുന്നത് 41 നഗരസഭകളിലും. പാലക്കാടും പന്തളത്തുമാണ് ബിജെപി ഭരണമുള്ളത്.14 ജില്ലാ പഞ്ചായത്തുകളിൽ ഇടത് ഭരണമുള്ളത് 11 ഇടത്താണ്. യുഡിഎഫ് ഭരണമുള്ളത് മൂന്ന് ജില്ലാ പഞ്ചായത്തുകളിലും.

എറണാകുളം, വയനാട്, മലപ്പുറം ജില്ലകളിലാണ് യുഡിഎഫ് ഭരണമുള്ളത്. സംസ്ഥാനത്ത് ആകെയുള്ള 152 ബ്ലോക്ക് പഞ്ചായത്തുകളിൽ എൽഡിഎഫ് ഭരിക്കുന്നത് 113 ബ്ലോക്ക് പഞ്ചായത്തുകളിലാണ്. 38 ബ്ലോക്ക് പഞ്ചായത്തുകളിലാണ് യുഡിഎഫ് ഭരണമുള്ളത്. ആകെയുള്ളത് 941 ഗ്രാമ പഞ്ചായത്തുകളാണ്. അതിൽ 571 ഉം ഭരിക്കുന്നത് ഇടതുമുന്നണിയാണ്. 351 പഞ്ചായത്തുകളിലാണ് യുഡിഎഫ് ഭരണമുള്ളത്. എൻഡിഎ ഭരണമുള്ളത് 12 പഞ്ചായത്തുകളിലാണ്. മറ്റുള്ളവർ ഏഴ് പഞ്ചായത്തുകൾ ഭരിക്കുന്നുണ്ട്.



# സ്വർണവില വീണ്ടും 90,000 കടന്നു, ഒറ്റയടിക്ക് കൂടിയത് 880 രൂപ

**കൊച്ചി:** സംസ്ഥാനത്ത് സ്വർണവില ഒരാഴ്ചത്തെ ഇടവേളയ്ക്കുശേഷം വീണ്ടും 90,000നു മുകളിൽ. പവന് 880 രൂപയും ഗ്രാമിന് 110 രൂപയുമാണ് ഇന്നലെ ഉയർന്നത്. ഇതോടെ, ഒരു പവൻ സ്വർണത്തിന് 90,360 രൂപയിലും ഗ്രാമിന് 11,295 രൂപയിലുമാണ് വ്യാപാരം പുരോഗമിച്ചത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 100 രൂപ ഉയർന്ന് 9,295 രൂപയിലെത്തി.

ഒക്ടോബർ 17നും 21നും രേഖപ്പെടുത്തിയ ഗ്രാമിന് 12,170 രൂപയും പവന് 97,360 രൂപയുമാണ് കേരളത്തിലെ സർവകാല ഉയരം.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60,000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി. ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70,000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

മേയ് 15ന് 68,880 രൂപയിലേക്ക് ഇടിഞ്ഞ സ്വർണവില പിന്നീട് വർധിക്കുന്ന കാഴ്ചയാണ് കണ്ടത്. ഏഴുദിവസത്തിനിടെ ഏകദേശം മൂവായിരം രൂപ വർധിച്ച് വീണ്ടും സ്വർണവില 72,000 കടന്ന് കുതിക്കുകയായിരുന്നു.

# സൂപ്പർസ്റ്റാറുകളായി സ്മൃതിയും ജമീമയും; കുതിച്ചുയർന്ന് ബ്രാൻഡ് വാല്യു

**ന്യൂദൽഹി:** ആദ്യ വനിതാ ക്രിക്കറ്റ് ലോകകപ്പ് സ്വന്തമാക്കിയതിനു പിന്നാലെ ഇന്ത്യൻ വനിതാ താരങ്ങളുടെ ബ്രാൻഡ് മൂല്യത്തിൽ വൻ കുതിപ്പ്. വനിതാ ക്രിക്കറ്റ് ടീം അംഗങ്ങളുടെ മൂല്യം ഫൈനലിനു പിന്നാലെ 25 ശതമാനം മുതൽ 100 ശതമാനം വരെ വർധിച്ചതായാണ് റിപ്പോർട്ടുകൾ. ജമീമ റോഡ്രിഗസ്, സ്മൃതി മന്ഥന, ഹർമൻപ്രീത് കൗർ, ദീപ്തി ശർമ, ഷഫാലി വർമ എന്നിവരുടെ സമൂഹമാധ്യമ അക്കൗണ്ടുകളിലേക്ക് ഫോളോവേഴ്സ് ഒഴുകുകയാണ്. പലരുടെയും ഫോളോവേഴ്സിന്റെ എണ്ണം മൂന്നിരട്ടിയിലധികമാണ് വർധിച്ചിരിക്കുന്നത്. ഇതോടെ ബ്രാൻഡ് മൂല്യവും വർധിച്ചു. സെമിഫൈനലിൽ ഇന്ത്യയ്ക്ക് വിജയം സമ്മാനിച്ച ജമീമ റോഡ്രിഗസിന്റെ ബ്രാൻഡ് മൂല്യത്തിൽ 100 ശതമാനം വർധനവാണുണ്ടായിരിക്കുന്നത്. നിലവിൽ 1012 ഇനം ബ്രാൻഡുകളുമായാണ് തങ്ങൾ സംസാരിച്ചു കൊണ്ടിരിക്കുന്നതെന്ന് ജമീമയുടെ മാനേജർ കരൺ യാദവ് പറയുന്നു. ബ്രാൻഡുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സാധാരണയായി ജമീമ 75 ലക്ഷം രൂപ മുതൽ 1.5 കോടി രൂപ വരെയാണ് വാങ്ങിയിരുന്നത്. സ്മൃതി മന്ഥനയാണ് വനിതാ ക്രിക്കറ്റ് താരങ്ങളിൽ ഏറ്റവും കൂടുതൽ താരമൂല്യമുള്ളത്. നിലവിൽ റെക്സോണ, ഹുണ്ടായ്. എസ്ബിഐ, ഗൾഫ് ഓയിൽ തുടങ്ങി 16 പ്രമുഖ ബ്രാൻഡുകളുമായാണ് സ്മൃതിക്ക് കരാറുള്ളത്.




# ടൂറിസം മേഖലയിൽ സംരംഭം തുടങ്ങാൻ വനിതകൾക്ക് സബ്സിഡി

**തിരുവനന്തപുരം:** ടൂറിസം മേഖലയിൽ വനിതകൾക്ക് വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി നാല് ശതമാനം പലിശ സബ്സിഡി നൽകാൻ സർക്കാർ തീരുമാനം. ടൂറിസം മേഖലയിൽ വനിതാ സംരംഭകത്വം ശക്തിപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെയാണു സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നൽകുന്ന വായ്പകൾക്ക് സബ്സിഡി നൽകാൻ തീരുമാനിച്ചത്.

ഇൻററസ്റ്റ് സബ് വെൻഷൻ പ്രോജക്ട് 2025-26 എന്ന പേരിലുള്ള പദ്ധതി നടപ്പാക്കുന്നതിനായി നാല് കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായി. നിലവിൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ (കെആർടിഎംഎസ്) രജിസ്റ്റർ ചെയ്തവർക്കും പുതിയതായി രജിസ്റ്റർ ചെയ്യുന്നവർക്കും ടൂറിസം സംരംഭങ്ങൾ ആരംഭിക്കുന്നതിനായിട്ടാണ് സബ്സിഡി നൽകുന്നത്. വായ്പാ തുക എത്രയായാലും പരമാവധി 15 ലക്ഷം രൂപ വരെയാണ് നാല് ശതമാനം പലിശ സബ്സിഡി ലഭ്യമാകുക.



ഈ വായ്പാ പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ വിഭാഗക്കാർ, ന്യൂനപക്ഷ വിഭാഗക്കാർ, ജനറൽ വിഭാഗക്കാർ എന്നിങ്ങനെ എല്ലാ വിഭാഗത്തിൽപ്പെടുന്ന വനിതകൾക്കും നാല് ശതമാനം സബ്സിഡി ലഭിക്കും. വിനോദസഞ്ചാര വകുപ്പിൻറെ കീഴിലുള്ള കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വനിതാ യൂണിറ്റുകളുടെ പ്രചാരണത്തിനും വിപുലീകരണത്തിനുമാണ് പദ്ധതി.

കേരള വനിതാ വികസന കോർപ്പറേഷനുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന സംസ്ഥാനത്തിന്റെ ടൂറിസം മേഖലയിൽ കൂടുതൽ വനിതാ സംരംഭകർക്ക് കടന്നുവരാൻ ഈ പദ്ധതി പ്രോത്സാഹനമാകുമെന്ന് മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വ്യാപാരികളുടെ വോട്ട് വ്യാപാരികൾക്ക് : കെ.വി.വി.ഇ.എസ്

**കൊച്ചി :** ആസന്നമായ തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്) വ്യാപാരികളായ സ്ഥാനാർത്ഥികളെ പിന്തുണയ്ക്കുമെന്ന് സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായി പി.സി ജേക്കബ് പറഞ്ഞു. സംഘടനയിൽ അംഗത്വമുള്ള വ്യാപാരികൾ മത്സര രംഗത്ത് ഉണ്ടെങ്കിൽ പാർട്ടിയോ മുന്നണയോ നോക്കാതെ അവരെ പിന്തുണയ്ക്കണമെന്നതാണ് ഇക്കുറി സംഘടയുടെ പൊതു വികാരമെന്ന് അദ്ദേഹം പറഞ്ഞു.

മറ്റ് സ്ഥലങ്ങളിൽ വ്യാപാരികളോട് ചേർന്ന് നിൽക്കുന്ന വ്യക്തികളെയുമായിരിക്കും സംഘടന പിന്തുണയ്ക്കുക. കേരളത്തിലെ ഏറ്റവും വലിയ രാഷ്ട്രീയേതര വ്യാപാരി സംഘടനയാണ് കെ.വി.വി.ഇ.എസ് മുൻകാലങ്ങളിൽ വ്യാപാരികളുടെ നോട്ടും, വോട്ടും വാങ്ങി അധികാര കേന്ദ്രങ്ങളിൽ എത്തിയവർ ചെറുകിട, ഇടത്തരം വ്യാപാരികളെ യൂണിയന്റെയും, അനാവശ്യ തൊഴിൽ തർക്കങ്ങളുടെയും പേരിൽ ദ്രോഹിക്കുന്ന നിലപാടാണ് എടുത്തിരുന്നത്.

ഇക്കുറി അതിന് മാറ്റം വരുത്തുന്നതിനാണ് സംഘടന ഊന്നൽ നൽകുന്നതെന്ന് പി.സി.ജേക്കബും എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി സി.എസ്.രാമചന്ദ്രനും പറഞ്ഞു.




# ശാസ്ത്രം ആത്യന്തികമായി സമൂഹത്തിൽ എത്തണം: മന്ത്രി ആർ. ബിന്ദു

**കൊച്ചി:** ക്വാണ്ടം സയൻസിന്റെ പ്രാധാന്യം സാധാരണ ജനങ്ങളിലേക്ക് പകരാൻ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും (കുസാറ്റ്), ശാസ്ത്ര സാഹിത്യ പരിഷത്തും ഇത്തരമൊരു പരിപാടിയുമായി മുന്നോട്ടുവന്നതിൽ സന്തോഷമുണ്ടെന്നും, ശാസ്ത്രത്തിന്റെ ഇത്തരം ഉന്നതമായ കണ്ടെത്തലുകളുടെ ഗുണഫലങ്ങൾ സമൂഹത്തിനു പകരാൻ കുസാറ്റ് ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് കഴിയണമെന്നും മന്ത്രി ആർ.ബിന്ദു. കുസാറ്റിലെ ശാസ്ത്രസമൂഹകേന്ദ്രത്തിൽ ആരംഭിച്ച ക്വാണ്ടം സെഞ്ചുറി എക്സിബിഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ചടങ്ങിൽ കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. എം.ജുനൈദ് ബുഷിരി അധ്യക്ഷനായി. സിൻഡിക്കേറ്റ് അംഗം ഡോ.പി.കെ.ബേബി, രജിസ്ട്രാർ പ്രൊഫ. അരുൺ.എ.യു. ശാസ്ത്രസമൂഹം ഡയറക്ടർ ഡോ.പി. ഷൈജു, ശാസ്ത്ര സാഹിത്യ പരിഷത് സംസ്ഥാന ജനറൽ സെക്രട്ടറി. ടി. കെ.മീരാഭായ് എന്നിവർ സംസാരിച്ചു.

കുറഞ്ഞ ഊർജ്ജത്തിൽ പ്രകാശം വിതറുന്ന എൽ.ഇ.ഡി ലൈറ്റുകൾ, സൗരോർജ്ജം വൈദ്യുതിയാക്കുന്ന സോളാർ പാനലുകൾ, ടെലിവിഷൻ, വിവിധ ആവശ്യങ്ങൾക്കുള്ള കമ്പ്യൂട്ടർ ഉൾപ്പടെയുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ചികിത്സാരംഗത്ത് ഉപയോഗിയ്ക്കുന്ന ലേസറുകൾ, എം.ആർ.ഐ, പി.ഇ.ടി സ്കാനറുകൾ, ഭൂമിയിലെവിടെയും സ്ഥാനം നിർണയിക്കാൻ സഹായിക്കുന്ന ജി.പി.എസ്, സൂക്ഷ്മ ലോകത്തെ അറിയാൻ സഹായിക്കുന്ന ഇലക്ട്രോൺ മൈക്രോസ്കോപ്പ്, പ്രപഞ്ചചരിത്രത്തേയും വികാസത്തേയും അറിയാനുള്ള അത്യാധുനിക ശാസ്ത്രീയ ഉപകരണങ്ങൾ, നാനോടെക്നോളജിയിൽ അധിഷ്ഠിതമായ വസ്തുക്കൾ എന്നിങ്ങനെ മനുഷ്യജീവിതത്തെ വിപ്ലവകരമായ പരിവർത്തനത്തിലേക്ക് വഴിനടത്തിയ ശാസ്ത്ര സാങ്കേതിക രംഗത്തെ കുതിച്ചു ചാട്ടങ്ങൾക്ക് പിന്നിലെ നിർണ്ണായകമായ വിജ്ഞാന ശാഖയാണ് ക്വാണ്ടം സയൻസ്.

പിടിതരാതെ പോയ ഒട്ടനവധി സമസ്യകൾക്കുള്ള മറുപടി ഈ ശാസ്ത്ര ശാഖയിൽ നിന്നാണ് ഇന്ന് നമുക്ക് ലഭിക്കുന്നത്. ഫോട്ടോസിന്തസിസ് നടക്കുന്നത് എങ്ങനെ, ദേശാടന പക്ഷികൾ ദിക്കറിയുന്നതെങ്ങനെ, ഗന്ധം തിരിച്ചറിയുന്നതും, എൻസൈമുകൾ പ്രവർത്തിക്കുന്നതും എങ്ങനെ തുടങ്ങി വിവിധങ്ങളായ ചോദ്യങ്ങൾക്ക് സൂക്ഷ്മതലത്തിൽ ഈ ശാസ്ത്ര ശാഖ ഉത്തരം നല്കുന്നു. 2025ലെ നൊബേൽ സമ്മാനമുൾപ്പെടെ കവോണ്ടം സയൻസുമായി ബന്ധപ്പെട്ട് നേരിട്ടോ അല്ലാതെയോ നൽകപ്പെട്ട നൊബേലുകൾ അനവധിയാണ്. ശാസ്ത്രത്തിൽ ഇന്ത്യയ്ക്ക് ലഭിച്ച ഏക നോബേലും കോണ്ടം സയൻസുമായി ബന്ധപ്പെട്ടിരിക്കുന്നു.

ചിലർക്ക് മാത്രം കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിൽ നിലനിൽക്കുന്ന ക്വാണ്ടം സയൻസിന്റെ വാതായനങ്ങൾ പൊതുജനങ്ങൾക്കായി തുറന്നിട്ടുകൊണ്ട് ഇതിന് ഒരു പരിഹാരം കണ്ടെത്താനുള്ള വിവിധ ശ്രമങ്ങൾ ലോകമെമ്പാടുമായി ക്വാണ്ടം ശതാബ്ദിയുടെ ഭാഗമായി നടക്കുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ പലതും അക്കാദമിക് പ്രകടനങ്ങളായാണ് നടത്തപ്പെടുന്നത്. പക്ഷേ കേരളം വിവിധ ബഹുജനസംഘടകളുടേയും, അക്കാദമിക കൂട്ടായ്മകളുടേയും സഹകരണത്തോടെ പുതിയ ഒരു പരീക്ഷണത്തിന് വേദിയാകുകയാണ്. ക്വാണ്ടം സയൻസിനേയും, സാങ്കേതിക വിദ്യയേയും അടുത്തറിയാൻ. കേരളം മുഴുവൻ പ്രദർശനം നടത്തുന്ന രീതിയിൽ പൊതുജന സഹകരണത്തോടെയുള്ള ഒരു എക്സിബിഷൻ. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ സെൻറർ ഫോർ സയൻസ് ഇൻ സൊസൈറ്റിയും, ശാസ്ത്ര സാഹിത്യ പരിഷത്തുമാണ് എക്സിബിഷൻ ഏകോപിപ്പിക്കുന്നത്.

പരീക്ഷണങ്ങൾ, ഇൻസ്റ്റലേഷനുകൾ, മാതൃകകൾ, മത്സരങ്ങൾ എന്നിവ പ്രദർശനത്തിന്റെ ഭാഗമായുണ്ടാകും. ഹോളോഗ്രാം, സിമുലേഷനുകൾ, വെർചൽ റിയാലിറ്റി, ലേസർ, സ്ഫെറിക്കൽ പ്രൊജക്ഷൻ എന്നീ സാങ്കേതിക വിദ്യകൾ ഇതിനായി ഉപയോഗിക്കും.

ക്വാണ്ടം പ്രതിഭാസങ്ങളും ആശയങ്ങളും ശാസ്ത്രഗവേഷണസ്ഥാപനങ്ങളിലെ അക്കാദമിക ചർച്ചകളിൽ നിന്നും സാധാരണക്കാരുടെ അനുഭവമാക്കി മാറ്റാൻ പ്രദർശനം ഉപകരിക്കും. പൊതുജനങ്ങൾ, സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, അധ്യാപകർ, ഗവേഷകർ തുടങ്ങി എല്ലാവരോടും സംവദിക്കുന്നതരത്തിൽ ആണ് പ്രദർശനം ഒരുക്കുന്നത്. കോളേജ് വിദ്യാർത്ഥികൾ, അധ്യാപകർ തുടങ്ങിയവർക്കൊക്കെ പ്രദർശനത്തിന്റെ ഭാഗമാകാം.

# കലൂർ മോഡൽ ടെക്നിക്കൽ സ്കൂളിൽ ഓപ്പൺ ഓഡിറ്റോറിയാം തുറന്നു

**കൊച്ചി:** കലൂർ മോഡൽ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിൽ പുതിയാതായി നിർമ്മിച്ച ഓപ്പൺ ഓഡിറ്റോറിയം ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. ടി ജെ വിനോദ് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 70 ലക്ഷം രൂപ ചിലവഴിച്ചാണ് ഓഡിറ്റോറിയം നിർമ്മിച്ചത്. ഏറെ നാളുകളായി സ്കൂളിന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ് നടപ്പിലായിരിക്കുന്നത്.

ടി ജെ.വിനോദ് എം.എൽ.എയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ കൊച്ചി കോർപറേഷൻ മേയർ അഡ്വ. എം. അനിൽകുമാർ മുഖ്യാതിഥിയായി.കൊച്ചി കോർപ്പറേഷൻ കൗൺസിലർമാരായ രജനി മണി, എം. ജി അരിസ്റ്റോട്ടിൽ , ഐ.എച്ച്.ആർ.ഡി കോർഡിനേറ്റർ ആനന്ദകുട്ടൻ, പി.ടി.എ പ്രസിഡന്റ് ഷൈജൻ. കെ. ജോർജ്, സ്കൂൾ പ്രിൻസിപാൾ ടെസ്സി ജോസഫ് ഉൾപ്പടെയുള്ളവർ പ്രസംഗിച്ചു.

# കോഴിക്കോട് ഗോതീശ്വരം ബീച്ച് വികസനം: രണ്ടാം ഘട്ടത്തിന് 3.46 കോടിയുടെ രൂപഭരണാനുമതി

**കോഴിക്കോട്:** ഗോതീശ്വരം ബീച്ചിന്റെ രണ്ടാം ഘട്ട വികസനത്തിനായി 3,46,77,780 രൂപ സംസ്ഥാന സർക്കാർ അനുവദിച്ചു. ടൂറിസം വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികൾക്കായയാണ് തുക അനുവദിച്ചത്.കഫെത്തിരിയ, ടോയ്ലെറ്റ് ബ്ലോക്ക്, പാർക്കിംഗ് ഏരിയ, പ്രവേശന കവാടം, ശിൽപ്പം, ഓപ്പൺ സ്റ്റേജ്, ഗസൈബോ, ഫുഡ് സ്റ്റാളുകൾ, ഷോപ്പുകൾ, പാതയോരം, ഇരിപ്പിടങ്ങൾ, വൈദ്യുതീകരണം, ചുറ്റുമതിൽ, ഫൗണ്ടൻ , കുട്ടികൾക്കുള്ള വിവിധ കളി ഉപകരണങ്ങൾ, ജിം, എന്നിവയാണ് വികസന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. പൂർത്തിയാക്കിയ ഒന്നാം ഘട്ട വികസന പദ്ധതികൾ ടൂറിസം പൊതുമരാമത്ത് മന്ത്രി പി.എ മുഹമ്മദ് റിയാസ് നാടിന് സമർപ്പിച്ചിരുന്നു. ബേപ്പൂർ മുതൽ കോഴിക്കോട് വരെയുള്ള കടൽത്തീരത്തിന്റെ ടൂറിസം സാധ്യതകൾ പൂർണമായും ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഈ പദ്ധതിയെന്ന് മുഹമ്മദ് റിയാസ് പറഞ്ഞു. സുസ്ഥിരവും സമഗ്രവുമായ ടൂറിസം വികസനമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

# 75 ലക്ഷത്തിന്റെ പദ്ധതിക്ക് ടൂറിസം വകുപ്പിന്റെ അംഗീകാരം

**കോഴിക്കോട്:** കോഴിക്കോടിന്റെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലൊന്നായി മാറിയ കൂളിമാടിന്റെ വികസനം വേഗത്തിലാക്കാൻ ആവിഷ്കരിച്ച പദ്ധതിക്ക് ടൂറിസം വകുപ്പിന്റെ അംഗീകാരം ലഭിച്ചതായി പി.ടി.എ റഹീം എംഎൽഎ അറിയിച്ചു. കിഫ്ബി പദ്ധതിയിൽ പൂർത്തീകരിച്ച കൂളിമാട് പാലത്തിന് ചുവട്ടിലെ ഒരേക്കറിലധികം വരുന്ന റവന്യൂ ഭൂമിയിൽ എംഎൽഎയുടെ ഫണ്ടിൽനിന്ന് അനുവദിച്ച 25 ലക്ഷം രൂപ ചെലവിൽ പാർക്ക് നിർമാണ പ്രവൃത്തികൾ നടന്നുവരികയാണ്. ഇതിന്റെ തുടർച്ചയായി ടൂറിസം വകുപ്പ് അനുവദിച്ച 45 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തിന്റെ 5 ലക്ഷം രൂപയും ഉൾപ്പെടെ 75 ലക്ഷം രൂപയുടെ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇപ്പോൾ തുടങ്ങിവച്ച കൂളിമാട് പാർക്കിൽ ഇരിപ്പിടങ്ങൾ, ഗാലറി, ഓപൺ സ്റ്റേജ്, ചെട്ടിക്കടവിലേക്ക് ബോട്ടിങ്ങിന് വേണ്ട സൗകര്യങ്ങൾ, കളി ഉപകരണങ്ങൾ, ലൈറ്റിങ്, സി.സി.ടി.വി, ഓപൺ ജിം തുടങ്ങിയവ ഒരുക്കുന്ന രീതിയിലാണ് പദ്ധതി തയാറാക്കിയിട്ടുള്ളത്.

സംസ്ഥാന സർക്കാർ പൊതുമരാമത്ത് വകുപ്പ് മുഖേന പൂർത്തീകരിച്ച സെഞ്ചുറി ബ്രിഡ്ജായ ചെട്ടിക്കടവ് പാലവും കൂളിമാടുമായി ബന്ധിപ്പിച്ച് ബോട്ട് സർവീസ്, ഇരു കേന്ദ്രങ്ങളിലും ബോട്ട് ജെട്ടി, പ്രത്യേക ഇരിപ്പിടങ്ങൾ തുടങ്ങിയവയൊരുക്കി പ്രകൃതി ഭംഗി ആസ്വദിക്കാൻ അവസരമൊരുക്കുന്ന പുതിയ പദ്ധതി രണ്ടാം ഘട്ടമായി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ ലഭ്യമാക്കിയ ഫണ്ടിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കുമെന്നും പി.ടി.എ റഹീം എംഎൽഎ പറഞ്ഞു.

# വോളിബോൾ ചാമ്പ്യൻഷിപ്പ്: പാലാ അൽഫോൻസാ കോളജ് ചാമ്പ്യന്മാർ

**അരുവിത്തുറ:** സെന്റ് ജോർജ് കോളജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന 2025-26 അധ്യായന വർഷത്തെ മഹാത്മാഗാന്ധി സർവകലാശാല വനിത വോളിബോൾ ചാമ്പ്യൻഷിപ്പിലെ ഇന്റർ സോൺ സൂപ്പർ ലീഗ് മത്സരങ്ങൾ പൂർത്തിയായപ്പോൾ പാലാ അൽഫോൻസാ കോളേജ് എംജി യൂണിവേഴ്സിറ്റി ചാമ്പ്യന്മാരായി.

അസംപ്ഷൻ കോളജ് ചങ്ങനാശേരി, കാത്തോലിക്കേറ്റ് കോളജ് പത്തനംതിട്ട, അൽഫോൻസാ കോളജ് പാലാ, സെന്റ് സേവിയേഴ്സ് കോളജ് ആലുവ എന്നീ നാല് ടീമുകളാണ് ഇൻറർസോൺ സൂപ്പർ ലീഗ് മത്സരങ്ങളിൽ മാറ്റുരച്ചത്.

മത്സര വിജയികൾക്ക് അരുവിത്തുറ സെന്റ് ജോർജ്സ് കോളജ് മാനേജർ വെരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

ചടങ്ങിൽ അരുവിത്തുറ കോളജ് പ്രിൻസിപ്പൽ പ്രഫ. ഡോ. സിബി ജോസഫ്, ബർസാർ റവ. ഫാ. ബിജു കുന്നയ്ക്കാട്ട്, കായിക വിഭാഗം മേധാവി ഡോ. വിയാനി ചാർളി തുടങ്ങിയവർ പങ്കെടുത്തു.



# ഗ്രാമീണ മേഖലയിൽ ആധുനിക സൗകര്യങ്ങളോടെയുള്ള ആരോഗ്യ കേന്ദ്രങ്ങൾ

**കോഴിക്കോട്:** കുന്ദമംഗലം ഗ്രാമപഞ്ചായത്ത് ആയുർവേദ ഡിസ്പെൻസറി, പിലാശ്ശേരി ജനകീയ ആരോഗ്യ കേന്ദ്രം, എഫ് എച്ച് സി കവാടം എന്നിവ മന്ത്രി ഉദ്ഘാടനം ചെയ്തു

ഗ്രാമീണ മേഖലകളിൽ ആധുനിക സൗകര്യങ്ങളോടെയുള്ള ആരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കാൻ സാധിച്ചതായി പൊതുമരാമത്ത്ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ്. കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതുതായി നിർമിച്ച കവാടം, കളരിക്കണ്ടിയിൽ നിർമിച്ച ആയുർവേദ ഡിസ്പെൻസറി കെട്ടിടം, പിലാശ്ശേരി ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം എന്നിവ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ബജറ്റ് വിഹിതത്തിൽ ഏറ്റവും കൂടുതൽ തുക ആരോഗ്യ മേഖലയിൽ ചെലവഴിച്ചതിലൂടെ കേരളത്തിലെ ആരോഗ്യ മേഖലയെ ശക്തിപ്പെടുത്താൻ സർക്കാറിന് സാധിച്ചുവെന്നും മന്ത്രി പറഞ്ഞു.

പി ടി എ റഹീം എംഎൽഎയുടെ വികസന ഫണ്ടിൽനിന്ന് അനുവദിച്ച 40 ലക്ഷം രൂപ ചെലവഴിച്ചാണ് കളരിക്കണ്ടിയിൽ ആയുർവേദ ഡിസ്പെൻസറിക്ക് കെട്ടിടം നിർമിച്ചത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള 60 ലക്ഷം രൂപ ചെലവിട്ടാണ് പിലാശ്ശേരി ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം ഒരുക്കിയത്.

ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നുള്ള എട്ട് ലക്ഷം രൂപയാണ് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിലും കവാടവും ഒരുക്കാൻ വിനിയോഗിച്ചത്.

കളരിക്കണ്ടിയിൽ നടന്ന ചടങ്ങിൽ പി ടി എ റഹീം എംഎൽഎ അധ്യക്ഷനായി. കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അരിയിൽ അലവി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിജി പുൽക്കുന്നുമ്മൽ, വൈസ്പ്രസിഡന്റ് വി അനിൽകുമാർ, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ എൻ ഷിയോലാൽ, ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ ചന്ദ്രൻ തിരുവലത്ത്, യു സി പ്രീതി, ശബ്ന റഷീദ്, അസി. എഞ്ചിനീയർ റൂബി നസീർ, ബ്ലോക്ക്ഗ്രാമപഞ്ചായത്ത് മെമ്പർമാർ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# പട്ടികവർഗ ജനങ്ങളുടെ അടിസ്ഥാന രേഖ രജിസ്ട്രേഷൻ: മെഗാ ഡിജിറ്റലൈസേഷൻ ക്യാമ്പുകൾക്ക് സമാപനം

**കോഴിക്കോട്:** ജില്ലയിലെ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ അടിസ്ഥാന രേഖകളുടെ സമ്പൂർണ രജിസ്ട്രേഷൻ ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ച എബിസിഡി മെഗാ ഡിജിറ്റലൈസേഷൻ ക്യാമ്പുകൾക്ക് സമാപനം. പേരാമ്പ്ര ഡിവിഷനിലെ വാണിമേൽ, കാവിലുംപാറ, വളയം, ചെക്യാട്, നരിപ്പറ്റ, കോടഞ്ചേരി ഡിവിഷനിലെ കോടഞ്ചേരി, പുതുപ്പാടി, കാരശ്ശേരി, തിരുവമ്പാടി, കൂടരഞ്ഞി എന്നീ പഞ്ചായത്തുകളിലെ 73 ഉന്നതികളിലുള്ളവരെ ഉൾപ്പെടുത്തിയാണ് രണ്ടു ദിവസങ്ങളിലായി ക്യാമ്പുകൾ സംഘടിപ്പിച്ചത്.




വിലങ്ങാട് പാരിഷ് ഹാളിലും വട്ടച്ചിറ സാംസ്കാരിക നിലയത്തിലുമായി നടന്ന ക്യാമ്പുകളിൽ ആധാർ, റേഷൻ കാർഡ്, ബാങ്ക് അക്കൗണ്ട്, വോട്ടർ ഐഡി, ജനന സർട്ടിഫിക്കറ്റ് തുടങ്ങിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ 350ലേറെ പേർ പ്രയോജനപ്പെടുത്തി. രേഖകളില്ലാത്തവർക്കുള്ള ഡൊമിസൈൽ സർട്ടിഫിക്കറ്റും ഇതിലൂടെ ലഭ്യമാക്കി. കൈവശമുള്ള രേഖകൾ നഷ്ടപ്പെടാത്ത വിധം ഡിജിറ്റലൈസ് ചെയ്തു നൽകുന്നതിനുള്ള സൗകര്യവും ഒരുക്കി. രേഖകൾ എടുക്കാൻ ശേഷിക്കുന്ന മറ്റു മേഖലകളിലുള്ളവർക്ക് ഉന്നതി പ്രമോട്ടർമാരുടെ നേതൃത്വത്തിൽ അതത് അക്ഷയ കേന്ദ്രങ്ങളിൽ സൗകര്യമൊരുക്കി 100 ശതമാനം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

ജില്ലയിലെ പതിനായിരത്തിൽ പരം വരുന്ന പട്ടികവർഗ വിഭാഗത്തിലുൾപ്പെടുന്ന വ്യക്തികൾക്ക് അടിസ്ഥാന രേഖകൾ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തിൽ 2023 മെയ് മാസം പ്രത്യേക ക്യാമ്പയിന് തുടക്കം കുറിച്ചിരുന്നു. അടിസ്ഥാന രേഖകളുടെ അഭാവത്തിൽ സർക്കാർ സേവനങ്ങളും ആനുകൂല്യങ്ങളും ലഭ്യമാകാതെ പോകുന്ന സാഹചര്യം കണക്കിലെടുത്താണ് ജില്ലയിൽ വിപുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് രൂപം നൽകിയത്.

വട്ടച്ചിറ സാംസ്കാരിക നിലയത്തിൽ നടന്ന ക്യാമ്പ് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് ഉദ്ഘാടനം ചെയ്തു.

കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അലക്സ് തോമസ് ചെമ്പകശ്ശേരി അധ്യക്ഷനായി. ജില്ലാ പട്ടികവർഗ വികസന ഓഫീസർ ആർ സിന്ധു, അക്ഷയ ജില്ലാ പ്രോജക്ട് മാനേജർ എൻ എസ് അജിഷ, താലൂക്ക് സപ്ലൈ ഓഫീസർ സി. സന്തോഷ്, താമരശ്ശേരി തഹസിൽദാർ സുബൈർ, വാർഡ് മെമ്പർമാരായ റോസ്‌ലി മാത്യു, സിസിലി ജേക്കബ്, വനജ വിജയൻ, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സീനത്ത്, ലീഡ് ബാങ്ക് പ്രതിനിധി അയോണ ജോർജ്, കോടഞ്ചേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എസ് സലീഷ്, ജില്ലാ കലക്ടറുടെ ഇന്റേൺഷിപ്പ് പ്രോഗ്രാം കോഓഡിനേറ്റർ ഡോ. നിജീഷ് ആനന്ദ് എന്നിവർ സംസാരിച്ചു.

ജില്ലാ ഭരണകൂടം, പട്ടികവർഗ വികസന വകുപ്പ്, റവന്യു, സിവിൽ സപ്ലൈസ്, ഐടി മിഷൻ, അക്ഷയ, ജില്ലാ തെരഞ്ഞെടുപ്പ് വിഭാഗം, ലീഡ് ബാങ്ക് തുടങ്ങിയ വിവിധ വകുപ്പുകൾ, ജില്ലാ കലക്ടറുടെ ഇന്റേൺസ് തുടങ്ങിയവരാണ് ക്യാമ്പിന് നേതൃത്വം നൽകിയത്.

# 161 ജനകീയാരോഗ്യ കേന്ദ്രങ്ങൾ നവീകരിച്ചു

**മലപ്പുറം:** പൊതുജനാരോഗ്യത്തിന് ഉണർവ് പകർന്ന് ജില്ലയിലെ 161 ജനകീയാരോഗ്യകേന്ദ്രങ്ങൾ നവീകരിച്ചു. 18 ജനകീയാരോഗ്യകേന്ദ്രങ്ങൾ പുതുതായി നിർമിച്ചു. സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ മികച്ച രീതിയിൽ താഴെത്തട്ടിൽ എത്തിക്കുന്നതിതിനു വേണ്ടിയാണ് സബ്സെന്ററുകളെ ജനകീയാരോഗ്യ കേന്ദ്രമായി ഉയർത്തിയത്. പൊതുജനാരോഗ്യത്തിന് ഉണർവു പകരുക എന്ന ലക്ഷ്യത്തോടെയാണ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചത്. ഇതിന്റെ ഭാഗമായി ജനകീയാരോഗ്യ കേന്ദ്രങ്ങളിലൂടെ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളാണ് ഒരുക്കുന്നത്. ഇങ്ങനെ ജില്ലയിലെ 161 ജനകീയാരോഗ്യകേന്ദ്രങ്ങൾ നവീകരിച്ചു. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിന്നതിനൊപ്പം മികച്ച സേവനങ്ങളും ഇവിടെ ലഭ്യമാണ്. പ്രഷർ, ഷുഗർ ഉൾപ്പെടെ ഒൻപത് ലാബ് ടെസ്റ്റുകളും 36 തരം മരുന്നുകളും പ്രതിരോധ കുത്തിവെയ്പുകൾ, വിഷയാധിഷ്ഠിത ക്ലിനിക്കുകൾ എന്നീ സേവനങ്ങളും ലഭ്യമാണ്.

581 ജനകീയാരോഗ്യകേന്ദ്രങ്ങളാണ് ജില്ലയിലുള്ളത്. ഇതിൽ 161 ജനകീയാരാരോഗ്യകേന്ദ്രങ്ങളുടെ നവീകരണ പ്രവൃത്തി പൂർത്തീയായിട്ടുണ്ട്. എട്ടെണ്ണം പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 300 സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതോ കെട്ടിടം അൺഫിറ്റ് ആയതോ നവീകരണ പ്രവർത്തിക്ക് സ്ഥലം ലഭ്യമല്ലാത്തതോ ആണ്. 44 സ്ഥാപനങ്ങളിൽ പ്രവൃത്തികൾ പൂർത്തിയാകാനുണ്ട്. 76 സ്ഥാപനങ്ങളിൽ എൻ.എച്ച്.എം കേന്ദ്ര വിഹിതം ലഭ്യമാകാതിരുന്നതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് മുഖേനെ ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 55.5 ലക്ഷം രൂപ വീതം 51 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ 18 എണ്ണം പ്രവൃത്തി പൂർത്തീകരിച്ചു.

ആർദ്രം പദ്ധതിയുടെ ഭാഗമായി 2023 ലാണ് സംസ്ഥാന സർക്കാർ സബ് സെന്ററുകളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയത്. സബ് സെന്ററുകൾ കേന്ദ്രീകരിച്ച് ജോലി ചെയ്തുവരുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, എന്നിവരെ കൂടാതെ നഴ്സിംഗ് ബിരുദധാരിയായ ഒരു ജീവനക്കാരിയെ മിഡ് ലെവൽ സർവീസ് പ്രൊവൈഡർ തസ്തികയിൽ പുതിയതായി നിയമിച്ചുകൊണ്ട് ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ സേവനങ്ങൾ ഉറപ്പ് വരുത്തിയിട്ടുണ്ട്.

# അരുവിത്തുറ കോളജിൽ കോം ഫിയസ്റ്റാ ദേശീയതല കോമേഴ്സ് ആന്റ് മാനേജ്മെന്റ് ഫെസ്റ്റ്

**അരുവിത്തുറ:** സെന്റ് ജോർജ് കോളജ് സെൽഫ് ഫിനാൻസ് കൊമേഴ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ദേശീയതല കൊമേഴ്സ് ആന്റ് മാനേജ്മെന്റ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു.

ഈ മാസം 15ന് നടക്കുന്ന ഫെസ്റ്റ് രാജ്യത്തെ ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥികൾക്കായാണ് സംഘടിപ്പിക്കുന്നത്.ബിസിനസ് ക്വിസ്, ബെസ്റ്റ് മാനേജ്മെന്റ് ടീം, 3x3 ഫുട്ബോൾ, ട്രഷർ ഹണ്ട്, സ്പോട്ട് ഫോട്ടോഗ്രഫി തുടങ്ങി നിരവധി മത്സരങ്ങളാണ് സംഘടിപ്പിക്കുന്നത്. പ്രവേശനം സൗജന്യമാണ്.

വിവിധ മത്സരങ്ങളുമായി ബന്ധപെട്ട് 50,000 രൂപ കാഷ് അവാർഡ് നൽകും. ഏറ്റവും കൂടുതൽ പോയിൻറ് കരസ്ഥമാക്കുന്ന സ്കൂളിന് ഓവർ ഓൾ ചാമ്പ്യൻഷിപ്പ് നൽകും. മത്സരങ്ങളുടെ ഉദ്ഘാടനം കോളജ് മാനേജർ ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ നിർവഹിക്കും. പ്രിൻസിപ്പാൾ പ്രഫ. ഡോ. സിബി ജോസഫ്, ബർസാർ ഫാ. ബിജു കുന്നയ്ക്കാട്ട്, വൈസ് പ്രിൻസിപ്പാൾ ഡോ. ജിലു ആനി ജോൺ, സെൽഫ് ഫിനാൻസ് കൊമേഴ്സ് വിഭാഗം മേധാവി പി.സി. അനീഷ് തുടങ്ങിയവർ സംസാരിക്കും.

പരിപാടികൾ വിശദീകരിച്ച് നടന്ന വാർത്താസമ്മേളനത്തിൽ ബർസാർ ഫാ. ബിജു കുന്നയ്ക്കാട്ട്, വൈസ് പ്രിൻസിപ്പാൾ ഡോ. ജിലു ആനി ജോൺ, സെൽഫ് ഫിനാൻസ് കൊമേഴ്സ് വിഭാഗം മേധാവി പി.സി. അനീഷ്, പ്രോഗ്രാം കോഓർഡിനേറ്റർ ബിനോയ് സി. ജോർജ് തുടങ്ങിയവർ സംസാരിച്ചു. വിശദ വിവരങ്ങൾക്ക് 9946868990 എന്ന നമ്പറിൽ ബന്ധപ്പെടുക.

# തൊഴിലാളി ക്ഷേമനിധി ബോർഡ് : വിഹിത സ്വീകരണം നവംബർ 17,18 തീയതികളിൽ

**കൊച്ചി:** കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ജില്ലയിലെ കയർ തൊഴിലാളികളുടെ പ്രതിമാസ വിഹിതം സ്വീകരിക്കുന്നതിനുള്ള ക്യാമ്പ് നവംബർ 17,18 തീയതികളിൽ പറവൂർ കയർ പ്രൊജക്ട് ഓഫീസിൽ നടത്തും. രാവിലെ 10 മുതൽ ഉച്ചക്ക് 3 വരെ കയർ തൊഴിലാളികൾക്ക് ഓഫീസിലെത്തി വിഹിതം അടയ്ക്കാവുന്നതാണ്.

# ബ്ലാസ്റ്റേഴ്സ് കോർപ്പറേറ്റ് കപ്പ്: ടി.സി.എസിനും യു.എസ്.ടിക്കും കിരീടം




**കൊച്ചി:** ബ്ലാസ്റ്റേഴ്സ് കോർപ്പറേറ്റ് കപ്പ് ഫുട്ബോൾ ചാംപ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ ടാറ്റാ കൺസൾട്ടൻസി സർവീസസും (ടി.സി.എസ്) വനിതാ വിഭാഗത്തിൽ യു.എസ്.ടിയും ചാംപ്യന്മാരായി. വാശിയേറിയ ഫൈനലിൽ എച്ച്.ആന്റ്.ആർ ബ്ലോക്കിനെതിരെ ഒന്നിനെതിരെ രണ്ടു ഗോളുകൾക്കാണ് ടി.സി.എസ് ജേതാക്കളായത്. വനിതാ വിഭാഗത്തിൽ വിപ്രോയെ എതിരില്ലാത്ത ഒരു ഗോളിനാണ് യു.എസ്.ടി പരാജയപ്പെടുത്തിയത്. പുരുഷ വിഭാഗത്തിൽ ടി.സി.എസിലെ റീജോ ജോർജ് പ്ലെയർ ഓഫ് ദി ടൂർണമെന്റ് പുരസ്കാരം നേടി.

ടി.സി.എസിന്റെ തന്നെ ജൂബിൻ അഗസ്റ്റിനാണ് ഗോൾഡൻ ഗ്ലൗ സ്വന്തമാക്കിയത്. ടൂർണമെന്റിലെ ടോപ് സ്കോറർക്കുള്ള ഗോൾഡൻ ബൂട്ട് പുരസ്കാരം എക്സ്പീരിയണിലെ അഹമ്മദ് മുർഷാദിന് ലഭിച്ചു. മികച്ച പ്രകടനം കാഴ്ചവെച്ച യു.എസ്.ടിയിലെ സൂര്യ പോൾ വനിതാ വിഭാഗം പ്ലെയർ ഓഫ് ദി ടൂർണമെന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടു. മികച്ച ഗോൾകീപ്പിങ്ങിന് യു.എസ്.ടിയിലെ വിജയലക്ഷ്മി വിൽസൺ ഗോൾഡൻ ഗ്ലൗവും, ടോപ് സ്കോററായി വിപ്രോയിലെ അഞ്ജന ബേബി ഗോൾഡൻ ബൂട്ട് പുരസ്കാരവും കരസ്ഥമാക്കി. ബ്ലാസ്റ്റേഴ്സ് താരം എം.എസ് ശ്രീകുട്ടൻ, ഗോൾകീപ്പർ എസ്.ടി അൽസാബിത്ത്, കേരള ബ്ലാസ്റ്റേഴ്സ് എഫ്സി സി.ഇ.ഒ അഭിക് ചാറ്റർജി, കൊമേഴ്സ്യൽ ആന്റ് റവന്യൂ മേധാവി രഘു രാമചന്ദ്രൻ, സിംപിൾ എനർജി മാർക്കറ്റിംഗ് മാനേജർ ഷിനോയ് തോമസ്, ആക്ടിവ് ബേസ് മാനേജിംഗ് ഡയറക്ടർ ഡോ. അനസ് കൊല്ലഞ്ചേരി തുടങ്ങിയവർ സമാപന ചടങ്ങിൽ പങ്കെടുത്തു.

കോർപ്പറേറ്റ് ജീവനക്കാർക്കിടയിൽ കൂട്ടായ പ്രവർത്തനവും ആരോഗ്യകരമായ ജീവിതശൈലിയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള വലിയ വേദിയായി ഈ ടൂർണമെന്റ് മാറി. ഫുട്ബോളിനപ്പുറം കായിക വികസനത്തിനും സാമൂഹിക ബന്ധങ്ങൾക്കും പ്രാധാന്യം നൽകാനുള്ള തങ്ങളുടെ ശ്രമം തുടരുമെന്ന് ബ്ലാസ്റ്റേഴ്സ് അധികൃതർ വ്യക്തമാക്കി. ഒക്ടോബർ 18ന് തുടങ്ങിയ ടൂർണമെന്റിൽ 12 പുരുഷ ടീമുകളും 4 വനിതാ ടീമുകളുമാണ് പങ്കെടുത്തത്. നാല് വാരാന്ത്യങ്ങളിലായി നടന്ന 7 എ സൈഡ് മത്സരങ്ങളിൽ സംസ്ഥാനത്തെ 250ൽ അധികം കളിക്കാർ മാറ്റുരച്ചു.

# ഹോണ്ട എലിവേറ്റ് എഡിവി എഡിഷൻ അവതരിപ്പിച്ചു

**കൊച്ചി :** ഇന്ത്യയിലെ പ്രീമിയം കാറുകളുടെ മുൻനിര നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് ജനപ്രിയ എസ്.യു.വി.യായ ഹോണ്ട എലിവേറ്റിന്റെ പുതിയ ഫ്ളാഗ്ഷിപ്പ് ഗ്രേഡായ എലിവേറ്റ് എ.ഡി.വി എഡിഷൻ അവതരിപ്പിച്ചു. കറുത്ത റൂഫ് റെയിലുകൾ,ഒആർവിഎംകൾ, അപ്പർ ഗ്രിൽ മോൾഡിംഗ്, ഡോർ മോൾഡിംഗ്സ്, വിൻഡോ ബെൽറ്റ്ലൈൻ മോൾഡിംഗ്, ഷാർക്ക് ഫിൻ ആന്റിന, ഹാൻഡിലുകൾ തുടങ്ങിയവ ഈ മോഡലിന്റെ പ്രത്യേകതകളാണെന്ന് കമ്പനി അധികൃതർ അറിയിച്ചു. 15,29,000 രൂപ മുതലാണ് ഹോണ്ട എലിവേറ്റ് എഡിവിയുടെ വില ആരംഭിക്കുന്നത്.



# ചോക്കോ മെൽറ്റ്സുമായി ഐടിസി സൺഫീസ്റ്റ് ഫന്റാസ്റ്റിക്

**കൊച്ചി:** ചോക്കോ മെൽറ്റ്സ് ബ്രാൻഡിൽ സൗകര്യപ്രദമായ പാക്കിൽ 5 രൂപ വിലയിൽ സ്ക്വീസ് ചെയ്തെടുക്കാവുന്ന റിച്ച് ആൻഡ് സ്മൂത്ത് മോൾട്ടൻ ചോക്കോ അവതരിപ്പിച്ച് ഐടിസി സൺഫീസ്റ്റ് ഫന്റാസ്റ്റിക്. സാധാരണ ചോക്കലേറ്റ് ബാറുകളിൽ നിന്നു വ്യത്യസ്തമായി സ്ക്വീസബ്ൾ പാക്കിൽ എത്തിയിരിക്കുന്ന ചോക്കോ മെൽറ്റ്സ് നേരിട്ട് വലിച്ചു കുടിച്ചും ബ്രൗണീസിൽ തൂവിയും പൊറോട്ടയിലോ ടോസ്റ്റിലോ പുരട്ടിയും ഐസ്ക്രീമിലും ഫ്രൂട്ട് സലാഡിലും ഒഴിച്ചും ആസ്വദിക്കാമെന്ന് ഐടിസി ഫുഡ്സ് ഡിവിഷൻ കൺഫെക്ഷനറി, ചോക്കലേറ്റ്സ് ആൻഡ് കോഫി വിപിയും മാർക്കറ്റിംഗ് തലവനുമായ അനുജ് ബൽസാൽ പറഞ്ഞു. ചോക്കലേറ്റ് ആസ്വാദനം രാജ്യത്തെ ഓരോരുത്തർക്കും എത്തിക്കാനാണ് 5 രൂപ മാത്രം വിലയിട്ടിരിക്കുന്ന സൺഫീസ്റ്റ് ഫന്റാസ്റ്റിക് ചോക്കോ മെൽറ്റ്സിലൂടെ ലക്ഷ്യമിടുന്നത്.

കോൾഡ് സ്റ്റോറേജ് ആവശ്യമില്ലാത്ത ഉൽപ്പന്നമാണ് സൺഫീസ്റ്റ് ഫന്റാസ്റ്റിക് ചോക്കോ മെൽറ്റ്സ്. ബ്രെഡ്, റൊട്ടി, പൊറോട്ട, ഫ്രൂട്സ്, പാൽ എന്നിവയോടെല്ലാം ഒപ്പം അത് ആസ്വദിക്കാം. കൂടുതൽ ആസ്വാദനത്തിനായി ഉറ്റുനോക്കുന്ന ഉപഭോക്താക്കളുടെ ആഗ്രഹങ്ങളോട് ആഴത്തിൽ പ്രതികരിക്കുന്ന കാറ്റഗറി ഇന്നവേഷനാണ് ഈ പുതിയ ഉൽപ്പന്നമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ടെന്നെകോ ക്ലീൻ എയർ ഇന്ത്യ ലിമിറ്റഡ് ഐപിഒ നവംബർ 12 മുതൽ

**കൊച്ചി:** ടെന്നെകോ ക്ലീൻ എയർ ഇന്ത്യ ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2025 നവംബർ 12 മുതൽ 14 വരെ നടക്കും. പ്രമോട്ടർമാരുടെ 3,600 കോടി രൂപയുടെ ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 378 മുതൽ 397 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. ഓഹരികൾ എൻ.എസ്.ഇയിലും ബി.എസ്.ഇയിലും ലിസ്റ്റ് ചെയ്യും. ജെ.എം ഫിനാൻഷ്യൽ ലിമിറ്റഡ്, സിറ്റിഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, എച്ച്.എസ്.ബി.സി സെക്യൂരിറ്റീസ് ആൻഡ് ക്യാപിറ്റൽ മാർക്കറ്റ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐ.പി.ഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# എൻ.ആർ.ഐ സീറ്റ് ഒഴിവ്

**കൊച്ചി:** ശ്രീ സുധീന്ദ്ര നഴ്സിംഗ് കോളേജിൽ ബി.എസ്.സി നഴ്സിംഗിന് ഏതാനും എൻ.ആർ.ഐ സീറ്റ് ഒഴിവുണ്ടെന്ന് പ്രിൻസിപ്പാൾ അറിയിച്ചു. ഫോൺ 04842720476, 9447802707



# എസ്.യു.ഡി ലൈഫിന് പുരസ്കാരം

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ പൊതു മേഖലാ ബാങ്കുകളായ ബാങ്ക് ഓഫ് ഇന്ത്യയും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയും, ജപ്പാനിലെ ദൈഇച്ചി ലൈഫ് ഇന്റർനാഷണൽ ഹോൾഡിങ്സും ചേർന്നുള്ള സംയുക്ത സംരംഭമായ എസ്.യു.ഡി ലൈഫ് 2025ലെ ലൈഫ് ഇൻഷുറർ ഓഫ് ദി ഇയർ പുരസ്കാരം നേടി. ധനം ബി എഫ് എസ് ഐ സമ്മിറ്റ് ആന്റ് അവാർഡ് നൈറ്റിൽ പുരസ്കാരം സമ്മാനിച്ചു. ഇന്ത്യയിലെ ബാങ്കിംഗ്, ഇൻഷുറൻസ് മേഖലകളിലെ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

ഒരു ട്രില്ല്യൺ രൂപയിൽ താഴെ അസറ്റ്സ് അണ്ടർ മാനേജ്മെന്റ് (എ.യു.എം) ഉള്ള ലൈഫ് ഇൻഷുറൻസ് കമ്പനികൾക്കുള്ള വിഭാഗത്തിൽ നൽകിയ ഈ അവാർഡിനായി 2024–25 സാമ്പത്തിക വർഷത്തിലെ ആറ് പ്രധാന സാമ്പത്തിക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലിനുശേഷമാണ് എസ് യു ഡി ലൈഫിനെ തിരഞ്ഞെടുത്തത്. 2025ലെ ലൈഫ് ഇൻഷുറർ ഓഫ് ദി ഇയർ അവാർഡ് നേടാൻ കഴിഞ്ഞത് അഭിമാനകരമാണെന്ന് സ്റ്റാർ യൂണിയൻ ദൈഇച്ചി മാനേജിംഗ് ഡയറക്ടറും സിഇഒയുമായ അഭയ് തേവാരി പറഞ്ഞു. ഇന്ത്യയിലുടനീളം പ്രവർത്തിക്കുന്ന ജീവനക്കാരുടെയും ഉപഭോക്താക്കളുടെ സമർപ്പണത്തിന്റെ തെളിവാണ് ബഹുമതിയെന്നും അദ്ദേഹം പറഞ്ഞു.

# എസ്.എസ്.ഐ.ഐ 'മൻത്രാസന' പുറത്തിറക്കി

**കൊച്ചി:**ആഗോള മെഡിക്കൽ കമ്പനിയായ എസ്എസ് ഇന്നവേഷൻസ് ഇന്റർനാഷണൽ, ലോകത്തിലെ ആദ്യ ടെലിസർജൻ കോൺസോൾ (ടി.എസ്.സി) ആയ എസ്.എസ്.ഐ.ഐ മൻത്രാസന പുറത്തിറക്കി. ഇന്ത്യയിൽ പൂർണ്ണമായും രൂപകൽപ്പന ചെയ്ത് നിർമ്മിച്ച റോബോട്ട്, ശസ്ത്രക്രിയയുടെ ഭാവിയെ പുനർനിർവചിക്കാൻ ലക്ഷ്യമിട്ടാണ് പുറത്തിറക്കുന്നതെന്ന് എസ്.എസ് ഇന്നവേഷൻ അധികൃതർ അറിയിച്ചു. മൻത്രാസന, ലോകത്തിലെ ആദ്യ സമ്പൂർണ്ണമായും ഏകീകൃതവും പോർട്ടബിൾ ടെലിസർജറി കോൺസോൾ ആണെന്നും കമ്പനി പറഞ്ഞു.

വലുപ്പം കുറഞ്ഞ കോൺസോൾ ഉപയോഗിച്ച് സർജൻമാർക്ക് ഓഫീസിൽ നിന്നും തന്നെ ടെലിസർജറി നടത്താൻ കഴിയും, അതിലൂടെ ശസ്ത്രക്രിയ മുറിയെ മുഴുവൻ മാൻത്ര സംവിധാനവുമായി ബന്ധിപ്പിക്കേണ്ട ആവശ്യമില്ല എന്ന സവിശേഷതയുണ്ട്. ടെലിസർജൻ കോൺസോളിലൂടെ വികസിതവും ആധുനികവുമായ ശസ്ത്രക്രിയാ പരിചരണം എല്ലാവർക്കും ലഭ്യമാക്കുന്ന വൻ മുന്നേറ്റം കൈവരിച്ചിരിക്കുന്നതായി എസ് എസ് ഇന്നവേഷൻസ് സ്ഥാപകനും ചെയർമാനുമായ ഡോ. സുധീർ ശ്രീവാസ്തവ പറഞ്ഞു.

# സെയിൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും മികച്ച അഞ്ച് പുനരുപയോഗ ഊർജ ഉൽപ്പാദകരിലൊന്നായ സെയിൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐ.പി.ഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡി.ആർ.എച്ച്.പി ) സമർപ്പിച്ചു. അഞ്ച് രൂപ മുഖവിലയുള്ള ഓഹരികളുടെ ഐപിഒയിലൂടെ 4,575 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 3,750 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 825 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻ.എസ്.ഇയിലും ബി.എസ്.ഇയിലും ലിസ്റ്റ് ചെയ്യും. ഐ.സി.ഐ.സി.ഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ജെ.എം ഫിനാൻഷ്യൽ ലിമിറ്റഡ്, ആംബിറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐ.പി.ഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സംസ്ഥാന പൊതുമേഖലസ്ഥാപനങ്ങൾ ലാഭത്തിലെന്ന് റിപ്പോർട്ട്

## ആകെ വിറ്റുവരവ് 2440 കോടിയായി ഉയർന്നു

**തിരുവനന്തപുരം:** സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 27 ആയി ഉയർന്നു. വ്യവസായ മന്ത്രി പി.രാജീവിന്റെ സാന്നിധ്യത്തിൽ ചേർന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ അർദ്ധ വാർഷിക അവലോകനത്തിൽ അവതരിപ്പിച്ച റിപ്പോർട്ടിലാണ് ഈ കണക്ക്. ഒക്ടോബറിൽ 27 സ്ഥാപനങ്ങൾ ലാഭത്തിലായി. ഏപ്രിൽ സെപ്തംബറിൽ 25 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് പുതുതായി 14 പൊതുമേഖലാ സ്ഥാപനങ്ങൾ കൂടി ലാഭത്തിലായി. 7 പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ ലാഭം വർദ്ധിപ്പിച്ചു. വിറ്റുവരവിൽ 9.07 ശതമാനം വർധനവുണ്ടായി. 32 പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റു വരവ് വർദ്ധിപ്പിച്ചു. ആകെ പ്രവർത്തന ലാഭം 27.30 കോടി രൂപയാണ്. പ്രവർത്തന ലാഭത്തിലും 82.09 കോടി രൂപയുടെ വർദ്ധനവുണ്ടായി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 11 പൊതുമേഖലാ സ്ഥാപനങ്ങൾ ആയിരുന്നു ലാഭത്തിൽ ഉണ്ടായിരുന്നത്. അറ്റാദായം നേടുന്ന സ്ഥാപനങ്ങളുടെ എണ്ണം 17 ആയി ഉയർന്നു. കഴിഞ്ഞവർഷം ഇത് 9 ആയിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ വിറ്റു വരവ് 2440.14 കോടി ആയി വർദ്ധിച്ചു. കഴിഞ്ഞവർഷം ഇത് 2299 കോടിയായിരുന്നു. റിപ്പോർട്ട് വ്യക്തമാക്കുന്നു.

48 പൊതുമേഖലാ സ്ഥാപനങ്ങളിൽ ചവറ കെ എം എം എൽ ആണ് ഏറ്റവും അധികം പ്രവർത്തന ലാഭം ഉണ്ടാക്കിയത്; 4548.64 ലക്ഷം രൂപ. ഒക്ടോബർ മാസത്തിലെ മാത്രം പ്രവർത്തന ലാഭം 1461.24 ലക്ഷം രൂപയുടേതാണ്. കെൽട്രോൺ 1268.20 ലക്ഷം രൂപ പ്രവർത്തന ലാഭം നേടി. കഴിഞ്ഞവർഷം നേരിട്ട നഷ്ടത്തെ മറികടന്നാണിത്. കെൽട്രോൺ ഇ.സി.എൽ 1184 . 59 ലക്ഷം പ്രവർത്തന ലാഭം കൈവരിച്ചു. കെ എം എം എൽ, കെൽട്രോൺ, കെൽട്രോൺ ഇ സി എൽ, കെൽട്രോൺ കംപോണന്റ്സ്, ടി സി സി, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ്എൻജിനീയറിങ് കമ്പനി, കയർ കോർപ്പറേഷൻ, കെ എസ് ഐ ഇ, ടെൽക്ക്, എസ് ഐ എഫ് എൽ, മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, കെ സി സി പി എൽ, കയർഫെഡ്, സിൽക്ക്, ആർട്ടിസാൻസ് ഡെവലപ്മെൻറ് കോർപ്പറേഷൻ, എഫ് ഐ ടി, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കെ കരുണാകരൻ സ്മാരക സഹകരണ സ്പിന്നിംഗ് മിൽ, ഫോം മാറ്റിംഗ്സ്, ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ, പ്രിയദർശിനി സഹകരണ സ്പിന്നിങ് മിൽ, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി എന്നീ പുതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നത്.

പ്രവർത്തന മികവിലൂടെ രാജ്യത്തിന് തന്നെ മാതൃകയായ പ്രകടനമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ കാഴ്ചവെച്ചത്. പ്രതിരോധ മേഖല, എയ്റോസ്പേസ്, ഇലക്ട്രോണിക്സ്, നിർമ്മിത ബുദ്ധി അധിഷ്ഠിത സാങ്കേതികവിദ്യ എന്നിവയിൽ രാജ്യത്തെ ഏറ്റവും ശ്രദ്ധേയമായ പ്രകടനം കാഴ്ചവച്ച പൊതുമേഖലാസ്ഥാപനമായി കെൽട്രോൺ മാറി. ഐ എൻ എസ് തമാൽ യുദ്ധക്കപ്പൽ നിർമ്മാണത്തിൽ വലിയ പങ്ക് കെൽട്രോൺ വഹിക്കുന്നുണ്ട്. ആയിരം കോടിയിലേറെ വിറ്റുവരവ് നേടാനും കെൽട്രോണിന് കഴിഞ്ഞു. ഇലക്ട്രിക് സ്കൂട്ടർ വിപണിയിലേക്ക് സംയുക്ത സംരംഭവുമായി കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് പ്രവേശിച്ചു. ഗുണനിലവാരമുള്ള മരുന്നുകൾ ഉറപ്പുവരുത്തുന്നതിനായി കെ എസ് ഡി പി വിപണന കേന്ദ്രം തുറന്നു.

കെ ഇ എല്ലിന് കർണാടക സർക്കാരിൽ നിന്ന് ലഭിച്ച ഓർഡറുകൾ ഉൾപ്പെടെ ബിസിനസ് വിപുലപ്പെടുത്താനായി. കെ സി സി പി എൽ ഉൽപന്ന വൈവിധ്യവൽക്കരണത്തിലേക്ക് കടന്നു. ലുലു മാൾ ഉൾപ്പെടെ വിവിധ പ്രീമയം കേന്ദ്രങ്ങളിൽ വിപണനശാലകൾ തുറന്ന് കയർ കോർപ്പറേഷൻ ലാഭം വർദ്ധിപ്പിച്ചു.

60 ലക്ഷം രൂപയുടെ വിറ്റു വരവും നേടി. തൊഴിലാളികളുടെ നിയമപരമായ ബാധ്യതകൾ തീർക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ ബജറ്റിൽ 42.50 കോടി രൂപ അനുവദിച്ചിരുന്നു. 32 പൊതു മേഖലാ സ്ഥാപനങ്ങൾ സുരക്ഷ ഓഡിറ്റ് നടപ്പാക്കിയതായും അവലോകനത്തിൽ വ്യക്തമായി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജൂല തോമസ്, മാനേജിംഗ് ഡയറക്ടർമാർ എന്നിവർ പങ്കെ

# ഗോദ്റെജ് എന്റർപ്രൈസസിന്റെ സെക്യൂരിറ്റി സൊല്യൂഷൻസ് ബിസിനസ്സ് 20 ശതമാനം വളർച്ച നേടി


**കൊച്ചി:** ഗോദ്റെജ് എന്റർപ്രൈസസ് ഗ്രൂപ്പിന്റെ സെക്യൂരിറ്റി സൊല്യൂഷൻസ് ബിസിനസ്സ് രണ്ടാം നിരയിലും മൂന്നാം നിരയിലും ഉൾപ്പെടുന്ന നഗരങ്ങളിൽ നിന്നുള്ള വർദ്ധിച്ചുവരുന്ന ആവശ്യകതയുടെ അടിസ്ഥാനത്തിൽ ശക്തമായ ഇരട്ട അക്ക വളർച്ച നേടി. ഉത്സവ കാലം ഇതിന്റെ ആക്കം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ, ഓഫ് ലൈൻ ചാനലുകളിലുടനീളം ഗാർഹിക സുരക്ഷാ പരിഹാരങ്ങൾക്കായുള്ള ആവശ്യകതയും വർദ്ധിച്ചു. മെട്രോ നഗരങ്ങൾക്കപ്പുറത്തേക്ക് ഉപഭോക്തൃ ആവശ്യകതയിലെ നിർണായക മാറ്റത്തെ പ്രതിഫലിപ്പിക്കുന്ന ഈ വളർന്നുവരുന്ന വിപണികൾ ഇപ്പോൾ ബിസിനസിന്റെ മൊത്തം വരുമാനത്തിന്റെ ഏകദേശം 30 ശതമാനം സംഭാവന ചെയ്യുന്നു. നിലവിൽ വർഷം തോറും 20 ശതമാനം എന്ന നിലയിൽ വളരുന്ന ഈ ബിസിനസ്സ് 4,500ലധികം ടച്ച്പോയിൻറുകളുടെ റീട്ടെയിൽ, സേവന ശൃംഖല, ശക്തമായ ഡിജിറ്റൽ സാന്നിധ്യം, സർട്ടിഫൈഡ് സേഫുകൾ, ലോക്കറുകൾ, കണക്റ്റഡ് സർവൈലൻസ് സൊല്യൂഷൻസ് എന്നിവയുടെ പോർട്ട്ഫോളിയോ എന്നിവ ഉപയോഗിച്ച് ഇന്ത്യൻ വീടുകളെ വേഗത്തിൽ നവീകരിക്കുന്നു .

നഗരവൽക്കരണം, 2024ൽ ഗാർഹിക സാമ്പത്തിക ആസ്തികളിൽ 14.5ശതമാനം വർദ്ധനവ്, ഓൺലൈൻ ഉത്സവ വിൽപ്പനയിൽ 30 ശതമാനം വർദ്ധനവ് തുടങ്ങിയ മാക്രോ ഇക്കണോമിക് അനുകൂല ഘടകങ്ങളാണ് ഈ വളർച്ചയ്ക്ക് പിന്നിൽ. ഇകൊമേഴ്സ് കയറ്റുമതി 1.2 ലക്ഷം കോടി കടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പുതുതായി വീട് നിർമിക്കുന്നവർ ആധുനിക ഇൻറീരിയറുകൾക്കൊപ്പം ചേർന്ന് പോകുന്ന ലോക്കറുകൾക്കും ജ്വല്ലറികൾ ബിഐഎസ് സർട്ടിഫൈഡ് സേഫുകൾക്കും സ്ഥാപനങ്ങൾ മോഡുലാർ സ്ട്രോംഗ് റൂം സൊല്യൂഷനുകൾക്കും മുൻഗണന നൽകുന്നു. മാറിക്കൊണ്ടിരിക്കുന്ന ജീവിതശൈലികളുമായി പൊരുത്തപ്പെടുന്ന സ്മാർട്ട്, അനുയോജ്യമായ, ഡിസൈൻഫോർവേഡ് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനായി ഗോദ്റെജ് സെക്യൂരിറ്റി സൊല്യൂഷൻസ് ശ്രമിക്കുന്നു. റെഗുലേറ്ററി വിന്യാസവും ഉപഭോക്തൃ വിശ്വാസവും ഉറപ്പാക്കുന്നതിന് പോർട്ട്ഫോളിയോയിലുടനീളം ബിഐഎസ്, ഐഎസ്ഐ സർട്ടിഫിക്കേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഹെർബൽ ഐസൊലേറ്റ്സിന് ഇന്റർനാഷണൽ പെപ്പർ കമ്യൂണിറ്റി പുരസ്കാരം

**കൊച്ചി:** സിന്തൈറ്റ് ഗ്രൂപ്പിന്റെ ഹെർബൽ ഐസൊലേറ്റ്സിന് 2024ലെ ഇന്റർനാഷണൽ പെപ്പർ കമ്യൂണിറ്റി (ഐപിസി) പുരസ്കാരം. ഇന്ത്യയിലെ മികച്ച നൂതന കുരുമുളക് ഉൽപന്ന വ്യവസായി എന്ന ബഹുമതിക്കാണ് പെപ്പർ കമ്യൂണിറ്റി പുരസ്കാരം (ഐപിസി) ഹെർബൽ ഐസൊലേറ്റ്സ് അർഹമായത്. കുരുമുളകിനെ ആധാരമാക്കി പുതുമയുള്ള ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിലും മൂല്യവർധിത ഉത്പാദനത്തിലും കമ്പനി കാഴ്ചവെച്ച മികവാണ് അംഗീകരിക്കപ്പെട്ടത്. കൊച്ചി ലേ മെറിയഡിയൻ ഹോട്ടലിൽ നടന്ന 53മത് ഇന്റർനാഷണൽ പെപ്പർ കമ്യൂണിറ്റി (ഐപിസി) വാർഷിക സമ്മേളനത്തിൽ പുരസ്ക്കാരം സമ്മാനിച്ചു. സമ്മേളനത്തോടനുബന്ധിച്ച് അന്താരാഷ്ട്ര സുഗന്ധദ്രവ്യ എക്സിബിഷനും അരങ്ങേറി. ഇന്റർനാഷണൽ പെപ്പർ കമ്യൂണിറ്റിയുടെ അംഗീകാരം തങ്ങളുടെ നൂതനത്വത്തിന്റെയും ഗുണമേന്മയോടുള്ള പ്രതിബദ്ധതയുടെയും തെളിവാണെന്ന് ഹെർബൽ ഐസൊലേറ്റ്സ് മാനേജിങ് ഡയറക്ടർ ജേക്കബ് നൈനൻ പറഞ്ഞു.

## ബി.എൻ.ഐ ബിസിനസ്സ് ഐക്കൺ പുരസ്കാരം ജെയിംസ് വളപ്പിലയ്ക്ക്



**തൃശ്ശൂർ:** ബിസിനസ്സ് നെറ്റ്‌വർക്കിങ് ഇന്റർനാഷണൽ (ബിഎൻഐ) തൃശ്ശൂർ നഗരത്തിൽ നടത്തിയ എമർജിംഗ് തൃശ്ശൂർ കോൺക്ലേവിൽ വളപ്പില കമ്മ്യൂണിക്കേഷൻസ് ഡയറക്ടറും വ്യവസായപ്രമുഖനുമായ ജെയിംസ് വളപ്പിലയെ ബിസിനസ്സ് ഐക്കൺ പുരസ്കാരം നൽകി ആദരിച്ചു.

തൃശ്ശൂർ മേയർ എം. കെ. വർഗ്ഗീസ് മുഖ്യാതിഥിയായ ചടങ്ങിൽ തൃശ്ശൂർ ബിൻഐ എക്സിക്യൂട്ടിവ് ഡയറക്ടർ ബെസ്റ്റിൻ ജോയ് അധ്യക്ഷ പ്രസംഗം നടത്തി. മേയർ എം.കെ. വർഗ്ഗീസും ബെസ്റ്റിൻ ജോയിയും ചേർന്നാണ് ജെയിംസ് വളപ്പിലക്ക് പുരസ്കാരം നൽകിയത്. അതിവേഗം മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന പരസ്യമേഖലയിൽ മാറ്റത്തിനൊപ്പം സഞ്ചരിച്ച് കഴിഞ്ഞ 28 വർഷമായി പരസ്യമേഖലയിലെ നിറസാന്നിധ്യമാണ് ജെയിംസ് വളപ്പില. ബിസിനസ് മേഖലയിലെ മികച്ച മാതൃകാ വ്യക്തിത്വമാണ് അദ്ദേഹമെന്നും മേയർ എം. കെ വർഗ്ഗീസ് പറഞ്ഞു.

## സ്റ്റോറുകളെ സ്മാർട്ട് റീട്ടെയിൽ ഹബ്ബുകളാക്കി കോക്ക് ബഡ്ഡി

**കൊച്ചി:** ഇന്ത്യയിലെ ചില്ലറ വ്യാപാരികളിലേക്ക് (പലചരക്ക് കടകൾ) ഉൽപ്പന്നങ്ങൾ അതിവേഗം എത്തിക്കുന്നതിനും സൗകര്യപ്രദമായി സ്റ്റോക്ക് കൈകാര്യം ചെയ്യുന്നതിനുമായി എഐ പ്രാപ്തമാക്കിയ ഡിജിറ്റൽ പ്ലാറ്റ്ഫോം 'കോക്ക് ബഡ്ഡി' കൊക്കകോള ഇന്ത്യ വികസിപ്പിച്ചെടുത്തു. ഇന്ത്യയിലെ ഏതൊരു എഫ്.എം.സി.ജി ഇബി2ബി റീട്ടെയിൽ പ്ലാറ്റ്ഫോമിനേക്കാളും ഏറ്റവും വേഗത്തിൽ വളരുന്ന ഒന്നായി കോക്ക് ബഡ്ഡി ഇതിനകം മാറിക്കഴിഞ്ഞു.

കോക്ക് ബഡ്ഡിയിലൂടെ കടയുടമകൾക്ക് എപ്പോൾ വേണമെങ്കിലും ഓർഡർ ചെയ്യാനും, ഡെലിവറികൾ ട്രാക്ക് ചെയ്യാനും, തത്സമയ വിലനിർണ്ണയവും പ്രമോഷനുകളും ആക്സസ് ചെയ്യാനും സാധ്യമാണെന്ന് കൊക്കകോള ഇന്ത്യ, സൗത്ത് വെസ്റ്റ് ഏഷ്യ ഡിജിറ്റൽ ആക്സിലറേഷൻ ഓഫീസ് വൈസ് പ്രസിഡന്റ് അംബുജ് ദിയോ സിംഗ് പറഞ്ഞു.

ദൈനംദിന തീരുമാനങ്ങൾ എടുക്കുന്നതിൽ നിർമ്മിതബുദ്ധി ഉൾപ്പെടുത്തുന്നതിലൂടെ, മുൻകാല വാങ്ങൽ രീതികളും സീസണൽ ഡിമാൻഡും അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങൾ പ്ലാറ്റ്ഫോം ശുപാർശ ചെയ്യുന്നു. ഇത് സ്റ്റോക്ക്ഔട്ടുകൾ ഒഴിവാക്കാനും, വേഗത്തിലുള്ള, ഡാറ്റാ പിന്തുണയുള്ള തീരുമാനങ്ങൾ എടുക്കാനും സഹായിക്കുന്നു. അതുവഴി ഉപഭോക്താക്കൾക്ക് കൊക്കകോള പാനീയങ്ങൾ തടസമില്ലാതെ ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. പ്രാദേശിക സൂപ്പർമാർക്കറ്റുകൾക്കും എല്ലാ ചില്ലറ വ്യാപരികൾക്കും കൊക്കകോള ഉൽപ്പന്നങ്ങൾ ഓർഡർ ചെയ്യുന്നതിനും ട്രാക്ക് ചെയ്യുന്നതിനുമുള്ള ലളിതവും എപ്പോഴും ആക്സസ് ചെയ്യാവുന്നതുമായ ഒന്നായാണ് കോക്ക് ബഡ്ഡി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും അതുവഴി ഉപഭോക്താക്കൾക്ക് അവർ ആഗ്രഹിക്കുമ്പോഴെല്ലാം പാനീയങ്ങൾ ലഭ്യമാണെന്ന് ഉറപ്പാക്കുന്നുവെന്നുംഅംബുജ് ദിയോ സിംഗ് പറഞ്ഞു.

## ഇന്ത്യൻ ബോണ്ട് മാർക്കറ്റ് ഇടപാട് പൂർത്തിയാക്കി ഗ്യാരന്റ്കോ

**കൊച്ചി:** പ്രൈവറ്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഗ്രൂപ്പിന്റെ (പിഐഡിജി) ഭാഗമായ ഗ്യാരന്റ്കോ ഏഴ് മാസത്തിനുള്ളിൽ അവരുടെ മൂന്നാമത്തെ ഇന്ത്യൻ മൂലധന കമ്പോള ഇടപാട് പൂർത്തിയാക്കി. രാജ്യത്തെ മുൻനിര ബാങ്ക് ഇതര ധനകാര്യ സ്ഥാപനമായ, മുത്തൂറ്റ് ക്യാപിറ്റൽ സർവീസസ് ലിമിറ്റഡിന്റെ (എംസിഎസ്എൽ) 1.5 ബില്യൺ രൂപയുടെ ലിസ്റ്റ് ചെയ്ത ഗ്രീൻ ബോണ്ട് ഇഷ്യുവിന് ഭാഗികമായി ഗ്യാരണ്ടി നൽകിയാണ് ഇടപാട് യാഥാർത്ഥ്യമാക്കിയിരിക്കുന്നതെന്ന് ഗ്യാരന്റ്കോ ഏഷ്യ ഇൻവെസ്റ്റ്മെന്റ്സ് മാനേജിംഗ് ഡയറക്ടറും, പിഐഡിജി ഏഷ്യ ഹെഡ് ഓഫ് കവറേജുമായ നിഷാന്ത് കുമാർ പറഞ്ഞു. ഗ്രാമീണ മേഖലയിലും, ചെറു പട്ടണങ്ങളിലുമുള്ള ഉപഭോക്താക്കൾക്ക് ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾ വാങ്ങാൻ വായ്പ നൽകുന്നതിനായാണ് മുത്തൂറ്റ് ക്യാപിറ്റൽ ഈ ബോണ്ടിൽ നിന്നുള്ള വരുമാനം ഉപയോഗിക്കുക.

ഗ്യാരന്റ്കോയുടെ ഗ്യാരണ്ടിയോടെ, മുത്തൂറ്റ് ക്യാപിറ്റലിന്റെ ആദ്യ ഗ്രീൻ ബോണ്ടിന് ഇന്ത്യയിലെ പ്രമുഖ റേറ്റിംഗ് ഏജൻസിയായ ക്രിസിൽ നിന്ന് എഎപ്ലസ് റേറ്റിംഗ് ലഭിച്ചു. ഈ ബോണ്ടുകൾ നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മാത്രമായാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. ബാങ്കുകളെ ആശ്രയിക്കുന്നതിൽ നിന്ന് മാറി, സ്ഥാപന നിക്ഷേപകരിൽ നിന്നും, ആറ് വ!ർഷം വരെ കാലാവധിയുള്ള ദീർഘകാല ഫണ്ടുകൾ സമാഹരിക്കാൻ എംസിഎസ്എല്ലിനെ ഈ ഇടപാട് സഹായിക്കുമെന്നും നിഷാന്ത് കുമാർ പറഞ്ഞു. സുസ്ഥിര ഗതാഗത സംവിധാനത്തോടുള്ള കമ്പനിയുടെ പ്രതിബദ്ധതയെ ഊട്ടിയുറപ്പിക്കുന്നതാണ്, ഗ്യാരന്റ്കോയുമായുള്ള പങ്കാളിത്തമെന്ന് മുത്തൂറ്റ് ക്യാപിറ്റൽ സിഇഒ മാത്യൂസ് മാർക്കോസ് പറഞ്ഞു.

സൊസൈറ്റി ടുഡേ SOCIETY TODAY

# മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സിന് ധനം എൻബിഎഫ്സി ഓഫ് ദ ഇയർ 2025 പുരസ്കാരം



കൊച്ചി: ഇന്ത്യയിലെ ഏറ്റവും വിശ്വസനീയവും ദീർഘകാല പാരമ്പര്യവുമുള്ള ഗോൾഡ് ലോൺ എൻബിഎഫ്സികളിലൊന്നായ മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ് (മുത്തൂറ്റ് യെല്ലോ) 'ധനം എൻബിഎഫ്സി ഓഫ് ദ ഇയർ 2025' പുരസ്കാരം കരസ്ഥമാക്കി. കൊച്ചിയിൽ നടന്ന ധനം ബിഎഫ്എസ്ഐ സമ്മിറ്റ് ആൻഡ് അവാർഡ്സ് 2025ൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മുൻ ഡെപ്യൂട്ടി ഗവർണർ എം. രാജേശ്വർ റാവു പുരസ്കാരം സമ്മാനിച്ചു. ഇന്ത്യയിലെ ഗോൾഡ് ലോൺ, റീട്ടെയിൽ ഫിനാൻസ് മേഖലകളിൽ മുത്തൂറ്റ് മിനിയുടെ അതുല്യ പ്രകടനത്തിനും ഉത്തരവാദിത്വമുള്ള വളർച്ചയ്ക്കും സ്ഥിരതയുള്ള നേതൃത്വത്തിനുമുള്ള അംഗീകാരമാണ് ഈ ബഹുമതി.

ഈ അംഗീകാരം ഇന്ത്യയിലെ ഗോൾഡ് ലോൺ, റീട്ടെയ്ൽ ഫിനാൻസ് മേഖലയിലെ മുത്തൂറ്റ് മിനിയുടെ അസാധാരണ പ്രകടനത്തിനും ഉത്തരവാദിത്തമുള്ള വളർച്ചയ്ക്കും നേതൃമികവിനുമുള്ള അംഗീകാരമാണ്. ഇത് കമ്പനിയുടെ ഉപഭോക്തൃ കേന്ദ്രീകൃത നവീകരണം, ഡിജിറ്റൽ മുന്നേറ്റങ്ങൾ, നീതിപൂർവ്വമായ വായ്പാ രീതികൾ എന്നിവയോടുള്ള പ്രതിബദ്ധത സാക്ഷ്യപ്പെടുത്തുന്നു. എൻബിഎഫ്സി രംഗത്ത് മുത്തൂറ്റ് മിനിയുടെ മുൻനിര സ്ഥാനത്തെ കൂടുതൽ ഉറപ്പിക്കുന്നതാണ് ഈ അംഗീകാരം.

ധനത്തിന്റെ എൻബി എഫ്സി ഓഫ് ദ ഇയർ 2025 പുരസ്കാരം ലഭിച്ചതിൽ വളരെയേറെ അഭിമാനിക്കുന്നതായി മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു. ഇത് ഞങ്ങളുടെ പ്രകടനത്തിനുള്ള അംഗീകാരം മത്രമല്ല മറിച്ച് വിശ്വാസം, ലക്ഷ്യം, മൂല്യങ്ങൾ എന്നിവയുൾക്കൊണ്ട് നൂറ്റാണ്ടുകളായി തുടരുന്ന യാത്രയുടെ പ്രതിഫലനം കൂടിയാണ്. ഉപഭോക്താക്കളും ജീവനക്കാരും സമൂഹവും ഉൾപ്പടെ ഞങ്ങൾ സേവിക്കുന്ന എല്ലാവർക്കും ദീർഘകാല മൂല്യം സൃഷ്ടിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ് ഈ അംഗീകാരമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നവീകരണത്തിലൂടെയും ഉപഭോക്തൃ വിശ്വാസത്തിലൂടെയും എൻബിഎഫ്സി മേഖലയെ ശക്തിപ്പെടുത്താനുള്ള തങ്ങളുടെ സംയുക്ത ശ്രമത്തിന്റെ തെളിവാണ് ഈ അംഗീകാരമെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി.ഇ. മാത്തായി പറഞ്ഞു.

ബാങ്കിംഗ്, ഫിനാൻഷ്യൽ സർവീസ് മേഖലകളിൽ അതുല്യ പ്രകടനം കാഴ്ചവെക്കുന്നവരെയും നേതൃരംഗത്തുള്ളവരെയും ആദരിക്കുന്ന കേരളത്തിലെ ഏറ്റവും വിശ്വാസ്യതയുള്ള വ്യവസായ പ്ലാറ്റ്ഫോമുകളിൽ ഒന്നാണ് ധനം ബിഎഫ്എസ്ഐ സമ്മിറ്റ് ആൻഡ് അവാർഡ്സ്. ഈ വർഷത്തെ എഡിഷനിൽ മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡിന്റെ സിഇഒ പി. ഇ. മാത്തായി റീഡിഫൈനിംഗ് ലെൻഡിംഗ് ഹൗ എൻബിഎഫ്സിസ് ആർ ഡൈവേഴ്സിഫൈയിംഗ് ആന്റ് ഇന്നൊവേറ്റിംഗ് ഫോർ ദി ഫ്യൂച്ചർ എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ സ്പീക്കറായി പങ്കെടുത്തു. ഉത്തരവാദിത്വമുള്ള നവീകരണം, ഉപഭോക്തൃ വിശ്വാസം, ഡിജിറ്റൽ പരിവർത്തനം എന്നിവ എൻബിഎഫ്സി മേഖലയെ എങ്ങനെ പുനർനിർവചിക്കുകയും സാമ്പത്തിക ഉൾപ്പെടുത്തലിലേക്ക് നയിക്കുകയും ചെയ്യുന്നു എന്നതിനെക്കുറിച്ചുള്ള അറിവുകൾ അദ്ദേഹം പങ്കുവെച്ചു.



## കല്യാൺ ജ്യൂവേലഴ്സിന് ആദ്യപകുതിയിൽ 525 കോടി രൂപ ലാഭം, വരുമാനം 15,125 കോടി രൂപ

**തൃശൂർ:** 2025-26 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ കല്യാൺ ജൂവേലഴ്സ് 15,125 കോടി രൂപയുടെ ആകെ വിറ്റുവരവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ അത് 11,585 കോടി രൂപ ആയിരുന്നു. 31 ശതമാനം വളർച്ചയാണ് ആകെ വിറ്റുവരവിലുണ്ടായത്. ആദ്യ പകുതിയിലെ ലാഭം 525 കോടി രൂപയാണ്. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ അത് 308 കോടി രൂപ ആയിരുന്നു.

കമ്പനിയുടെ ഈ സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ ആകമാന വിറ്റുവരവ് 7856 കോടി രൂപയാണ് ലാഭം 261 കോടി രൂപയും. ഈ സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ കമ്പനിയുടെ ഇന്ത്യയിൽ നിന്നുള്ള വിറ്റുവരവ് 6843 കോടി രൂപയും ലാഭം 262 കോടി രൂപയും. ഈ സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ കമ്പനിയുടെ ഗൾഫ് മേഖലയിൽ നിന്നുള്ള വിറ്റുവരവ് 866 കോടി രൂപയും ലാഭം 15 കോടി രൂപയും ആണ്. ഈ കഴിഞ്ഞ പാദത്തിൽ കമ്പനിയുടെ പ്രവർത്തനം വളരെ സംതൃപ്തി നല്കുന്നതായിരുന്നുവെന്ന് കല്യാൺ ജൂവലേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ രമേഷ് കല്യാണരാമൻ പറഞ്ഞു.









RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com